**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 569** **05-10-2021 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ ചെറുകിട മേഖലയ്ക്ക് വിപണി കണ്ടെത്താൻ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട വ്യവസായ മേഖലയ്ക്ക് വിപണി കണ്ടെത്തുവാൻ സഹായങ്ങൾ നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട വ്യവസായ മേഖലയ്ക്ക് വിപണി കണ്ടെത്തുവാൻ വ്യവസായ വാണിജ്യ വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ചെറുകിട വ്യവസായ പ്രോൽസാഹനം കേരളത്തിലെ സൂക്ഷ്മ, ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനും വിപണന മേളകൾ വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ചു വരുന്നു. ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനും വേണ്ടി ദേശീയ അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വിവിധ വ്യാപാര മേളകളിൽ സൂക്ഷ്മ ചെറുകിട യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരവും ബിസിനസ് മീറ്റുകളും കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) ഒരുക്കി കൊടുക്കുന്നു. കെ-ബിപ്പ് മുഖേന പരിപാടികൾ സംഘടിപ്പിക്കുകയും, പങ്കെടുപ്പിക്കുകയും ചെയ്യുതുമൂലം സൂക്ഷ്മ ചെറുകിട സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനും, ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുമുള്ള അവസരം ലഭിച്ചിട്ടുണ്ട്. കേരള ഇ-മാർക്കറ്റ് പോർട്ടൽ കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനുവേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള |

സംവിധാനമായി ഇ-പോർട്ടൽ www.keralaemarket.com/ www.keralaemarket.org / www.keralaemarket.kerala.gov.in രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ് പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക്, ദേശീയ അന്തർ ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാനും സഹായകമാകും. കേരളത്തിലെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും സഹകരണത്തോടെ 14 ജില്ലകളിലും കേരള ഇ-മാർക്കറ്റ് പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. വ്യാപാർ (ബിസിനസ് ടു ബിസിനസ് മീറ്റ്) സംസ്ഥാനത്തിന്റെ വികസന സാധ്യതകൾക്കും, പ്രായോഗികതയ്ക്കും അനുസൃതമായി വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ എസ്.എം.ഇ കൾക്കുവേണ്ടി വ്യാപാർ (ബിസിനസ് ടു ബിസിനസ് മീറ്റ്) സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, മരവ്യവസായങ്ങൾ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള 200 ചെറുകിട ഉത്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയും പ്രദർശിപ്പിച്ചു. കേരള ബാംബൂ ഫെസ്റ്റ്" മുള മേഖലയിലെ വിപണന വികസനത്തിനായി വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി, കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തി വരുന്ന പ്രധാനപ്പെട്ട മേളയാണ് 'കേരള ബാംബൂ ഫെസ്റ്റ്". വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി, കേരള സംസ്ഥാന ബാംബൂ മിഷൻ 2004 മുതൽ കൊച്ചിയിൽ 'കേരള ബാംബൂ ഫെസ്റ്റ്" സംഘടിപ്പിച്ചു വരുന്നു. ഇതിലൂടെ ഉണഭോക്താക്കൾക്ക് വിപണി കണ്ടെത്തുവാനും ഉൽപ്പന്ന വികസനത്തെക്കുറിച്ചുള്ള അറിവ് നേടാനും വിവരങ്ങൾ പരസ്പരം പങ്കിടാനും ഒരു വേദി ഒരുക്കുന്നു. ബാംബൂ ഫെസ്റ്റിൽ കരകൗശല വസ്തുക്കൾ, ഫർണീച്ചറുകൾ, വ്യാവസായിക ഉൽപ്പന്നങ്ങൾ, മുള നിർമ്മാണ യന്ത്രങ്ങൾ, മുള ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം, അതുപോലെ മുളയെ കുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു. വ്യക്തിഗത കരകൗശല വിദഗ്ധർ,

| | | | |
|---|---|---|---|
| | | | മാസ്റ്റർ ക്രാഫ്റ്റ്മാൻ, എൻ.ജി.ഒ. കൾ, എസ്.എച്ച്.ജി കൾ, സൂക്ഷ്മ/ചെറുകിട സംരംഭങ്ങൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, മറ്റ് സംസ്ഥാനങ്ങളിലെ കരകൗശലക്കാർ, സംഘടനകൾ എന്നിവർ ഈ മേളയിൽ പങ്കെടുക്കുന്നു. മലബാർ ക്രാഫ്റ്റ്സ് മേള കേരളത്തിലെ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും, നിലനിൽപ്പിനും വേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചു വരുന്നു. |
| (ബി) | 'ഉദ്യം' രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ, പൊതുമേഖലാസ്ഥാപനങ്ങളുടെ പൊതു സംഭരണത്തിൽ മുൻഗണന ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | നാഷണൽ എസ്.സി/എസ്.റ്റി ഹബ്ബിന്റെ പദ്ധതികളിൽ ഉദ്യം രജിസ്ട്രേഷനുള്ള സ്ഥാപങ്ങൾക്കും സംരംഭകർക്കുമാണ് മുൻഗണന നൽകുന്നത്. നാഷണൽ എസ്.സി/എസ്.റ്റി ഹബ്ബിന്റെ പദ്ധതികളെയും പരിപാടികളെയും കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് ഒരു ശില്പശാല ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സഹകരണത്തോടെ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് വേണ്ടി വിവിധ ദേശീയ അന്തർ ദേശീയ മേളകളിൽ നാഷണൽ എസ്.സി/എസ്.റ്റി ഹബ്ബ് മുഖേന പങ്കെടുപ്പിക്കുകയും വൈദഗ്ധ്യ പരിശീലന പരിപാടികൾ/വെണ്ടർ ഡെവലപ്പ്മെന്റ് പ്രോഗ്രാമുകൾ/വർക്ക്ഷോപ്പുകൾ/ സെമിനാറുകൾ/ ബോധവൽകരണ പരിപാടികൾ തുടങ്ങിയവ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് വേണ്ടി നാഷണൽ എസ്.സി/ എസ്.റ്റി ഹബ്ബ് സംഘടിപ്പിക്കുകയും ചെയ്തു. |
| (സി) | അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിന് സഹായകമായ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (സി) | അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപങ്ങളുടെ മൽസര ക്ഷമത ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ ആഗോള വിപണിയിൽ പരിചയപ്പെടുത്തി വിപണന സാധ്യത പ്രോത്സാഹിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്, വാണിജ്യ മിഷൻ രൂപീകരിക്കുകയും G.O.(Rt) No.935/2021/ID തീയതി 01.09.2021 പ്രകാരം മിഷൻ പുനസംഘടിപ്പിച്ചിട്ടുമുണ്ട്. വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്. 1. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുക. 2. സംസ്ഥാനത്തെ സംരംഭങ്ങളുടെ നവീകരണത്തിനായി കപ്പാസിറ്റി വർദ്ധിപ്പിക്കൽ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം തുടങ്ങിയവയ്ക്കുള്ള കൈത്താങ്ങ് നല്കുക. 3. ഇന്ത്യയിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ സംസ്ഥാനത്തു നിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക. 4. കേരളത്തിലെ നിക്ഷേപകർ/ സംരംഭകർക്ക് ദേശീയ അന്തർ ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക. 5. ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക. 6. കേരളത്തിൽ ഉത്പാദിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാന തലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക. 7. സംസ്ഥാനത്തിന് മത്സരാധിഷ്ഠിത നേട്ടമുള്ള മേഖലകളിലെ കയറ്റുമതി ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണാ നടപടികൾ തിരിച്ചറിയുകയും ബന്ധപ്പെട്ട വകുപ്പുകൾ, നോഡൽ ഏജൻസികൾ, വ്യവസായ അസോസിയേഷനുകൾ എന്നിവയുടെ പിന്തുണയോടെ അത് സുഗമമാക്കുകയും ചെയ്യുന്നു. 8. കയറ്റുമതിക്കാരുടെ അറിവ് വർദ്ധിപ്പിക്കുന്നതിനും അന്താരാഷ്ട്ര ഇടപാടുകളിൽ പ്രോൽസാഹനം നല്കുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും വ്യവസായ അസോസിയേഷനുകളുടെയും കെ.എസ്.ഐ.ഡി.സി. യുടേയും സഹകരണത്തോടെ ജില്ലകളിലും വ്യവസായ ക്ലസ്റ്ററുകളിലും കയറ്റുമതി സംബന്ധമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. 9. കയറ്റുമതിയെ പ്രോൽസാഹിപ്പിക്കുന്നതിനായി എക്സ്പോർട്ടർ അവാർഡ് ഏർപ്പെടുത്തൽ. 10. റീട്ടെൽ സംരംഭങ്ങളുടെ അംഗീകാരം ഉൾപ്പെടെ ബിസിനസ്സ് ഓപ്പറേഷൻ മെച്ചപ്പെടുത്തൽ, തൊഴിൽനയം, ലേബലിംങ്ങും വൈദഗ്ധ്യവും, സാങ്കേതിക വിദ്യയും സ്റ്റാൻഡഡൈസേഷനും, അടിസ്ഥാന സൗകര്യം, ഉപയുക്തത, ഭാരവും അളവുകളും, നികുതി തുടങ്ങിയവ ഉൾപ്പെടുത്തികൊണ്ടുള്ള പ്രോൽസാഹന നയ രൂപീകരണം. |
| (ഡി) | ദേശീയ അന്തർദേശീയ രംഗങ്ങളിലെ ഉപഭോക്താക്കൾക്ക് സംസ്ഥാനത്തെ ചെറുകിട | (ഡി) | ദേശീയ അന്തർദേശീയ രംഗങ്ങളിലെ ഉപഭോക്താക്കൾക്ക് സംസ്ഥാനത്തെ ചെറുകിട |

| | | | |
|---|---|---|---|
| | വ്യവസായ ഉല്പപാദകരുമായി ബന്ധപ്പെടാൻ സൗകര്യമൊരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | | വ്യവസായ ഉല്പാദകരുമായി ബന്ധപ്പെടുവാനും കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനുവേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ www.keralaemarket.com/ www.keralaemarket.org / www.keralaemarket.kerala.gov.in രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ് പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക്, ദേശീയ അന്തർ ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാനും സഹായകമാകും. കേരളത്തിലെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും സഹകരണത്തോടെ 14 ജില്ലകളിലും കേരള ഇ-മാർക്കറ്റ് പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ